യുള്ള പരാതികളാണ് ഇന്ന് ഉയർന്നു കേൾക്കുന്നത്. പക്ഷേ പരാതി അനുസരിച്ച് ബാദ്ധ്യതപ്പെട്ടവർ നടപടി എടുക്കുന്നില്ല. അതുകൊണ്ട് ഇത് തടയാൻ ഒരു നിയമനിർമ്മാണം അത്യന്താപേക്ഷിതമാണ്. ഒരിക്കൽ ഗവൺമെൻറ് ഒരു നിയമനിർമ്മാണത്തിന് വാഗ്ദാനം ചെയ്തിരുന്നു. എങ്കിലും അതുണ്ടായില്ല. അതുകൊണ്ട് ഈ സ്വകാര്യ ബിൽ—നെൽപ്പാടങ്ങൾ നികത്തുന്നതു തടഞ്ഞുകൊണ്ട് കേരളത്തിൻെറ പരിസ്ഥിതിയെ സംരക്ഷിക്കുക, നെല്ലുൽപ്പാദനം നിലനിർത്തുക എന്നിങ്ങനെയുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ ബിൽ—പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

(ചർച്ച തുടരും)

(7) 1991-ലെ കേരള ന്യൂസ്പേപ്പർ എജൻറ്സ് ക്ഷേമനിധി ബിൽ

ശ്രീ. സി.പി. ബാലൻ വൈദ്യർ: സർ, 1991-ലെ കേരള ന്യൂസ് പേപ്പർ എജൻറ്സ് ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സമൂഹത്തിൽ ന്യൂസ്പേപ്പർ എജൻറുമാരും വിതരണക്കാരും വളരെ സാഹസമുള്ള ഒരു ജോലി എടുക്കുന്നവരാണ്. രാവിലെ നമ്മുടെ കൈകളിൽ പത്രം കിട്ടിയില്ലെങ്കിൽ അങ്ങുംപ്പെടെ വിതരണക്കാരോട് അരിശപ്പെടുന്ന ആളുകളാണ്. ഏതാണ്ട് നാല്യമണിക്ക് ഉണർന്ന് പത്രക്കെട്ട് എടുത്ത് മഴയായാലും ഏത് പ്രതികൂല കാലാവസ്ഥയായാലും വായനക്കാരുടെ വീടുകളിലെത്തിച്ചുകൊടുക്കുന്ന ഒരു ജോലിയിലാണ് ഈ മേഖലയിലുള്ളവർ ഏർപ്പെട്ടിട്ടുള്ളത്. പത്ര മാനേജുമെൻറ് വയ്ക്കുന്ന വ്യവസ്ഥകൾ അനുസരിച്ച് കടം വാങ്ങിയും വസ്തു ഈടുകൊടുത്തും പണം സ്വരൂപിച്ച് ഡെപ്പോസിറ്റുകെട്ടിവച്ചാണ് ഏജൻസി എടുക്കുന്നത്. കുട്ടികളൊട്ടു വൃദ്ധൻമാർ വരെയുള്ള മൂവായിരത്തിലധികം ആളുകൾ ഈ തൊഴിലുമായി ബന്ധപ്പെട്ടവരാണ്. ഒരുപക്ഷേ എണ്ണം അതിനേക്കാൾ വർദ്ധിക്കാനാണ് സാദ്ധ്യത. ഒരു ഏജൻറിൻെറ കീഴിൽ മൂന്നോ നാലോ സബ് ഏജൻറുമാർ ഉണ്ടാകും. സ്ത്രീകൾ കുട്ടികൾ ഉൾപ്പെടെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. അവർക്കൊരു ക്ഷേമനിധി ഏർപ്പെടുത്തണം. അതുപോലെതന്നെ പത്രത്തിന് ക്രമാതീതമായി വിലവർദ്ധിക്കുമ്പോൾ ഡെപ്പോസിറ്റ് സമയത്ത് അടയ്ക്കാൻ കഴിയാത്തതിൻെറയും കോപ്പി വർദ്ധിപ്പിക്കുന്ന സമയത്ത് ഡെപ്പോസിറ്റ് അടയ്ക്കാത്തതിൻെറയും ഫലമായി കോപ്പി വിട്ടുകിട്ടാത്ത ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇവർക്ക് സാമ്പത്തികസഹായം കൊടുക്കാൻ, അത് സുരക്ഷിതമായി നടത്തിക്കൊണ്ടുപോകത്തക്കവിധമുള്ള ഒരു സംവിധാനമുണ്ടാക്കണം. ഇക്കാര്യത്തിൽ പത്ര മാനേജ്മെൻറിനും ബാദ്ധ്യതയുണ്ട്. ആ നിലയിൽ സർക്കാർകൂടി മുൻകൈ എടുത്ത് ഒരു തൊഴിലെന്ന നിലയിൽ ദേശവൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും പത്രത്തിൻെറ ഡെപ്പോസിറ്റ് ഉൾപ്പെടെയുള്ള ആവശ്യത്തിന് ഇവർക്ക് വേണ്ടിവരുന്ന പണം സ്വരൂപിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. പത്രമുതലാളിമാർ ചൂഷണസമീപനത്തോടുകൂടിയാണ് പത്രവിതരണക്കാരേയും ഏജൻറുമാരേയും കാണുന്നത്. അർഹതപ്പെട്ട ആനുകൂല്യങ്ങൾ അവർക്ക് കൊടുക്കാൻ തയ്യാറാകുന്നില്ല. ഇത്തരം ചൂഷണങ്ങൾ അവസാനിപ്പിക്കണം. ഇത്രയധികം സാഹസകരമായ ജോലി എടുക്കുന്ന വിഭാഗത്തിനെ മാനുഷിക പരിഗണന വച്ചുകൊണ്ട് സഹായിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം. അതിനുവേണ്ടി നടപടി

LIBRARY ARCHIVES Kerala Legislative Assembly

എടുക്കാൻ സർക്കാർ പ്രത്യേക ഉടമകളെ പ്രേരിപ്പിക്കണം, ബിൽ പാസ്സാക്കാനുള്ള അവസരമുണ്ടാക്കണം. ഈ ബിൽ പാസ്സാക്കിയാൽ ഈ വരുന്ന തെരഞ്ഞെടുപ്പിൽ ഗവൺമെന്റിന് പ്രത്യുപകാരമുടെ മുഴുവൻ പിന്തുണയും കിട്ടും. ഇപ്പോഴെ അങ്ങനെ നോക്കിയാണല്ലോ ചെയ്യുന്നത്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

(ചർച്ച തുടരും)

(8) 1996-ലെ കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (ഭേദഗതി) ബിൽ

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. എം. ഹസ്സൻ: ഒരു കാര്യം ശ്രീ. ബാലൻവൈദ്യർക്ക് ഉറപ്പായല്ലോ. പ്രതലേഖകരുടെ പിന്തുണ ഞങ്ങൾക്ക് കിട്ടും, ഈ ഗവൺമെന്റ് തന്നെ തിരിച്ചുവരുമെന്ന് ശ്രീ. ബാലൻവൈദ്യർക്ക് ബോദ്ധ്യമായല്ലോ?

ശ്രീ. സി. കെ. ചന്ദ്രപ്പൻ: ശ്രീമാൻ ഹസ്സൻ ഇതുപറയുമ്പോൾ തമാശയാണ് തോന്നുന്നത്. സാധാരണ രീതിയിൽ വളരെ ക്ഷീണിച്ച് എല്ലുമ്പനായിരിക്കുന്ന ഒരു ക്ഷയരോഗി എപ്പോഴും പറയാറുണ്ട് എന്നെ കണ്ടാൽ വളരെ ആരോഗ്യമില്ലേ എന്ന്. ശ്രീമാൻ ഹസ്സൻ ഈ ഗവൺമെന്റ് തിരിച്ചുവരുമെന്നു പറഞ്ഞപ്പോൾ എനിക്ക് അതാണ് ഓർമ്മ വന്നത്.

സർ, ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത് നാല് കാര്യങ്ങൾക്ക് വേണ്ടിയാണ്. ഒന്നാമത്, കയർ വ്യവസായത്തിൽ ഫ്ളോട്ടിംഗ് വർക്കേഴ്സ് ആയിരക്കണക്കിനുണ്ട്. അവർ പ്രത്യേക മുതലാളിമാരുടെ കീഴിൽ സ്ഥിരമായി ജോലി ചെയ്യുന്നവരല്ല, എന്നാൽ സ്ഥിരമായി കയർ രംഗത്ത് പണിയെടുക്കുന്നവരാണ്. ഫ്ളോട്ടിംഗ് വർക്കേഴ്സിനെ വെൽഫെയർ ഫണ്ടിന്റെ ബെനിഫിറ്റ് കിട്ടത്തക്ക വിധത്തിലുള്ള ഒരു അമൻറ്മെന്റാണ് പ്രധാനമായിട്ടുള്ളത്. മറ്റൊന്ന് ഈ ആക്ട് അനുസരിച്ച് ഒരു permanently disabled worker-ന് ആക്ടിൽ അനുവദിച്ചിട്ടുള്ള ബെനിഫിറ്റ് കിട്ടണമെങ്കിൽ he should be permanently disabled and he should be out of employment. വളരെ ക്രൂരമായ ഒരു വകുപ്പാണ് permanently disabled ആയാൽ മതി. Out of employment അല്ലെങ്കിലും അയാൾക്ക് ഇതിന്റെ ആനുകൂല്യം കിട്ടണം. വേറൊരു കാര്യം, ഈ ബിൽ അനുസരിച്ച് ഒരാൾ മരിച്ചുപോകുകയാണെങ്കിൽ spouse-നാണ് ആനുകൂല്യം കിട്ടുന്നത്. Unmarried daughters-നു കൂടി ആനുകൂല്യങ്ങൾ കൊടുക്കണം. ഇക്കാര്യത്തിൽ അങ്ങയുടെ പിന്തുണ ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ബില്ലിൽ എഡ്യൂക്കേഷണൽ ഫെസിലിറ്റീസിന് ഒരു വകുപ്പുണ്ട്. എഡ്യൂക്കേഷണൽ ഫെസിലിറ്റീസ് എന്നുപറയുമ്പോൾ സാധാരണ ഫോർമൽ എഡ്യൂക്കേഷനാണ് നമ്മൾ കണക്കാക്കാറുള്ളത്. എന്നാൽ ഇപ്പോൾ നോൺ ഫോർമൽ എഡ്യൂക്കേഷൻ വളരെ വർദ്ധിച്ചിട്ടുണ്ട്. പ്രൈവറ്റായി അക്കാഡമിക് ക്വാളിഫിക്കേഷൻ നേടാൻ ശ്രമിക്കുന്നവർക്കുകൂടി ഈ ബില്ലിന്റെ

LIBRARY ARCHIVES Kerala Legislative Assembly